# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള 2012</u>

6383 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. രംഗത്തുള്ള നിക്ഷേപസമാഹരണത്തിന് ഏന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്;

(ബി) എമർജിംഗ് കേരള 2012 എന്ന നിക്ഷേപക സംഗമം മുൻ സർക്കാരിന്റെ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർച്ച മാത്രമാണോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള നിക്ഷേപക സംഗമം</u>

6384

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള - നിക്ഷേപക സംഗമത്തിലേയ്ക്ക് ഏതെല്ലാം സംരംഭകർ എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികൾ ആരംഭിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സംരംഭകരുമായി സർക്കാർ പ്രതിനിധികൾ ഇതിനകം ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സംരംഭകർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ചർച്ചകളുടെ വിശദാംശവും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ബ്രഹ്മോസ് എയ്റോ സ്പെയിസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ</u>

6385 ശ്രീ. എം.എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസ് എയ്റോ സ്പെയിസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയാമോ;

(ബി) ഇതിന്റെ ഓഹരി സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്താൻ നടപടി എടുക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വ്യവസായ രംഗത്തെ വിദേശ നിക്ഷേപം</u>

6386

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ സംരംഭവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിദേശ നിക്ഷേപം പുതിയതായി ഉണ്ടായിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ വിദേശ നിക്ഷേപകരുമായി ചർച്ചകൾ നടക്കുന്നുണ്ടോ;

(സി) ഏതെല്ലാം മേഖലയിലാണ് സർക്കാർ വിദേശ നിക്ഷേപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>സി. എ. ജി. വാർഷിക സപ്ലിമെന്ററി ഓഡിറ്റ്</u>

6387 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന തലത്തിൽ പത്ത് കോടി രൂപ മൂലധന നിക്ഷേപമോ അഥവാ 10 കോടി രൂപയുടെ വിറ്റുവരവോ ഉള്ള മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളിലും സി. എ. ജി. വാർഷിക സപ്ലിമെന്ററി ഓഡിറ്റ് നടത്തിവന്നിരുന്നോ;

(ബി) എന്നാൽ കഴിഞ്ഞ ജൂൺ മാസത്തിൽ സി. എ. ജി. യുടേതായി ഇറങ്ങിയ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിലും വാർഷിക സി. എ. ജി. സപ്ലിമെന്ററി ഓഡിറ്റ് ഒഴിവാക്കപ്പെടുമോ;

(സി) പുതിയ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതനുസരിച്ച് പത്ത് കോടിക്ക് താഴെ മൂലധനമുള്ള സ്ഥാപനങ്ങളിൽ അഞ്ച് വർഷത്തിലൊരിക്കൽ മാത്രമേ ഓഡിറ്റ് നടത്തേണ്ടതുള്ളൂ എന്ന് നിഷ്ക്കർഷിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഓഡിറ്റ് പരിമിതപ്പെടുത്തുന്നത് മോശമായ ഫലങ്ങളുണ്ടാക്കുമെന്ന ആക്ഷേപവും ആശങ്കയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(എഫ്) ഇതു മറികടക്കുന്നതിനും ആശങ്ക അകറ്റുന്നതിനുമായി സംസ്ഥാന സർക്കാർ തലത്തിൽ ഒരു പുതിയ സംവിധാനത്തിന് രൂപം നൽകുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ പേപ്പർമില്ലുകൾ</u>

6388

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ എത്ര പേപ്പർ മില്ലുകൾ പ്രവർത്തിക്കുന്നുവെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഈ സ്ഥാപനങ്ങളിൽ ഒട്ടാകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുവെന്നും അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിൽ ഇത്തരത്തിൽ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ സ്ഥാപനത്തിന്റെ പേര് അറിയിക്കുമോ;

(സി) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഏതെങ്കിലും തൊഴിൽ നിയമത്തിന്റെ പരിരക്ഷയോ സംരക്ഷണമോ ലഭിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) മറ്റ് ചില സംസ്ഥാനങ്ങളിൽ പ്രസ്തുത തൊഴിൽ മേഖലയെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളെ വ്യവസായ സ്ഥാപനമെന്ന അംഗീകാരം നൽകി തൊഴിലാളി ക്ഷേമം ഉറപ്പ് വരുത്തുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>'കിറ്റ്കോ'</u>

6389 ശ്രീ. എസ്. ശർമ്മ
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, കെ. ദാസൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് 'കിറ്റ്കോ' എന്ന സ്ഥാപനത്തിന്മേലുള്ള നിയന്ത്രണം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സർക്കാർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കിറ്റ്കോ, അവ കൃത്യമായി നിർവ്വഹിച്ചു വരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കിറ്റ്കോ ഏറ്റെടുത്ത പ്രവൃത്തികളിൽ ഇപ്പോഴും പണി പൂർണ്ണമായും പൂർത്തീകരിക്കാത്തവ എത്രയാണെന്നും അവ ഓരോന്നും എഗ്രിമെന്റ് പ്രകാരം ഏതെല്ലാം തീയതികളിൽ പൂർത്തിയാക്കേണ്ടതായിരുന്നുവെന്നും വിശദമാക്കാമോ;

(ഡി) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ എന്തു തുക ഇപ്പോൾ കിറ്റ്കോ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഭക്ഷ്യ സംസ്ക്കരണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി

6390 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കിൻഫ്ര പാർക്കുകളിലെ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) കൽപ്പറ്റയിലെ കിൻഫ്രാ സ്മോൾ ഇൻഡസ്ട്രീസ് പാർക്കിനെ മെഗാ ഫുഡ് പാർക്ക് ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തീവ്ര വ്യവസായവൽക്കരണ സഹായ പരിപാടി</u>

6391 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീവ്ര വ്യവസായവൽക്കരണ സഹായ പരിപാടിക്കായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഒറ്റപ്പാലം സിൽക്കിൽ തീവ്ര വ്യവസായവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശ്യക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഡാമുകളിലെ മണൽ വാരൽ</u>

6392 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ സംസ്ഥാനത്തെ ഡാമുകളിലെ മണൽ വാരൽ പദ്ധതിയിൽ ക്രമക്കേടുകൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ചുവെന്നും എത്ര കോടി രൂപയുടെ മണൽ വിറ്റു എന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായും മേൽനോട്ടത്തിനായും ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ;

(ഡി) പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് കോർ കമ്മിറ്റി സർക്കാരിന് എന്തെങ്കിലും പാരാതിയോ വിജിലൻസ് അന്വേഷണ ശുപാർശയോ നൽകിയിരുന്നോ ;

(ഇ) എങ്കിൽ അതനുസരിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ ; സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ</u>

6393 ശ്രീ. മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ ഉപയോഗിച്ച് എത്ര വ്യവസായ ശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) റബ്ബർ അധിഷ്ഠിത വ്യവസായ രംഗത്ത് എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികള്‍</u>

6394 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികള്‍ക്ക് മറ്റു മേഖലകളില്‍ തൊഴില്‍ ലഭ്യമാക്കുന്നതിന് പ്രോത്സാഹനം നല്‍കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി എന്നത്തേക്ക് പ്രാവര്‍ത്തികമാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ബീഡി വ്യവസായ മേഖലയിലെ എത്ര തൊഴിലാളികള്‍ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം</u>

6395 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ മേഖലയിലെ എത്ര തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ</u>

6396 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടോ എന്ന വിവരം ലഭ്യമാക്കാമോ;

(ബി) എങ്കിൽ, അവ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കൂടുതല്‍ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്നതിനായി പദ്ധതികള്‍</u>

6397 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൂടുതല്‍ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികള്‍ വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികള്‍ നടപ്പാക്കുന്നത് മറ്റേതെങ്കിലും വകുപ്പുകളുമായി യോജിച്ചാണോ;

(സി) പുതിയ പദ്ധതികള്‍ക്ക് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ബി.ഒ.ടി. പദ്ധതികള്‍

6398 ശ്രീ. എസ്. ശര്‍മ്മ
ശ്രീമതി കെ.എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബി.ഒ.ടി. വ്യവസ്ഥയിലുള്ള പദ്ധതികള്‍ക്ക് ഭൂമി വിട്ടു നല്‍കേണ്ടി വരുന്നവരെ, അത്തരം പദ്ധതികളുടെ ഓഹരി പങ്കാളികളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ബി.ഒ.ടി. പദ്ധതികളുടെ നടത്തിപ്പിന് സര്‍ക്കാര്‍ നല്‍കിയ അന്തിമരൂപം വിശദമാക്കാമോ;

(ബി) ഏതെല്ലാം ബി.ഒ.ടി. പദ്ധതികളുടെ കാര്യത്തിലാണ് ഇത് നടപ്പിലാക്കാന്‍ പോകുന്നതെന്ന് വെളിപ്പെടുത്താമോ; ഏതെല്ലാം മേഖലയിലാണ് ബി.ഒ.ടി. പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തില്‍ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കശുവണ്ടി ഫാക്ടറികൾ</u>

6399 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കെ. നാരായണൻ
,, കെ. സുരേഷ് കുറുപ്പ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കൽ (ഭേദഗതി) നിയമവ്യവസ്ഥയനുസരിച്ച് കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിന് നടപടി

6400 ശ്രീ. എം.എ. ബേബി
'' പി.കെ. ഗുരുദാസൻ
'' ആർ. രാജേഷ്
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) കെ.എസ്.ഡി.സി., കാപ്പക്സ് എന്നീ സ്ഥാപനങ്ങളിൽ എത്ര കശുവണ്ടി തൊഴിലാളികൾ ജോലി നോക്കിവരുന്നുണ്ട് ;

(സി) ഈ സ്ഥാപനങ്ങളിൽ കശുവണ്ടി തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന മറൈൻ പാർക്ക്</u>

6401 ശ്രീ. എ. കെ. ബാലൻ
,, എളമരം കരീം
,, എ. പ്രദീപ്കുമാർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന മറൈൻ പാർക്കിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) ഈ വ്യവസായ പാർക്കിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഏതെങ്കിലും സ്ഥാപനങ്ങൾ സന്നദ്ധമായിട്ടുണ്ടോ;

(സി) ഈ പാർക്കിന്റെ പ്രവൃത്തി എന്ന് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കിൻഫ്ര -ഇൻകെൽ സംയുക്ത കമ്പനി</u>

6402 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എളമരം കരീം
,, എം. ഹംസ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിനായി എത്ര ഏക്കർ ഭൂമിയാണ് കിൻഫ്ര ഏറ്റെടുക്കുന്നത്;

(ബി) പ്രസ്തുത ഭൂമി ഏറ്റുടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) കിൻഫ്ര - ഇൻകെൽ സംയുക്ത കമ്പനി രൂപീകരിച്ച്, അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാവുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

മലബാർ സിമന്റ്സിലെ അഴിമതിയെക്കുറിച്ച്
സി. ബി. ഐ. അന്വേഷണം

T 6403 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റെയും മക്കളുടെയും മരണത്തെക്കുറിച്ചുള്ള സി. ബി. ഐ. അന്വേഷണ പരിധിയിൽ മലബാർ സിമന്റ്സിലെ അഴിമതിയെക്കുറിച്ചുള്ള അന്വേഷണവും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആവശ്യത്തിൻമേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കരിമണൽ ഖനനം സംബന്ധിച്ച് പ്രാബല്യത്തിലുള്ള നിയമങ്ങൾ

6404 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കരിമണൽ ഖനനത്തിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ നയത്തിൽ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചവറയിൽ കരിമണൽ ഖനനത്തിന് സ്വകാര്യ മേഖലയ്ക്ക് നൽകാൻ ഉത്തരവിറക്കിയതെന്ത് കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) കരിമണൽ ഖനനം സംബന്ധിച്ച് നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾഏതെല്ലാമാണ് എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കെ.എം.എം. എല്ലിന് കരിമണൽ നൽകുന്നതിന്
ഈടാക്കുന്ന തുക

6405 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ചവറ ഐ.ആർ.ഇ. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം. എല്ലിന് കരിമണൽ നൽകുന്നതിന് ഈടാക്കുന്ന തുക എത്രയാണ് ;

(ബി) ഐ.ആർ.ഇ. സ്വകാര്യകമ്പനികളിൽ നിന്ന് വാങ്ങുന്നതിനേക്കാൾ കൂടുതൽ തുകയാണ് കെ.എം.എം. എല്ലിൽ നിന്ന് ഈ ഇനത്തിൽ ഈടാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കേന്ദ്ര പൊതുമേഖലാസ്ഥാപനം സംസ്ഥാന പൊതുമേഖലാസ്ഥാപനത്തെ അവഗണിച്ച് സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്നത് നിറുത്തലാക്കാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റിലെ ശമ്പള പരിഷ്ക്കരണം</u>

6406 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ എന്നാണ് ഏറ്റവും അവസാനം ശമ്പള പരിഷ്ക്കരണം നടന്നത്;

(ബി) 2010 ഒക്ടോബർ മാസത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാകുമോ;

(സി) ശമ്പള പരിഷ്ക്കരണത്തിന്ശേഷം ആദ്യമായി 2010 ഒക്ടോബർ മാസത്തിൽ വിരമിച്ചവർക്ക് ഭാഗികമായേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്നത് പരിശോധിക്കുമോ;

(ഡി) 2011 സെപ്തംബറിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ചവർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഇ) 2011 ൽ വിരമിച്ചവർക്ക് നൽകിയപ്രകാരമുള്ള ആനുകൂല്യം അവരെക്കാൾ സീനിയോറിറ്റിയുള്ള ശമ്പള പരിഷ്ക്കരണത്തിന്ശേഷം ആദ്യമായി 2010 ഒക്ടോബർ മാസത്തിൽ വിരമിച്ചവർക്കും നൽകുമോ;

(എഫ്) എങ്കിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ചാത്തന്നൂർ വഞ്ചിക്ലേമെൻസ് വക ഭൂമി</u>

6407 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂർ വഞ്ചിക്ലേമെൻസ് വകഭൂമി ഏതെങ്കിലും വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി ആർക്കാണ് നൽകിയതെന്ന് അറിയിക്കുമോ;

(ബി) എന്നാണ് പ്രസ്തുത ഭൂമി നൽകിയതെന്നും എന്ത് ആവശ്യത്തിലേക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി നൽകുമ്പോൾ ഉള്ള പാട്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; പാട്ട വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ; പാട്ട വ്യവസ്ഥയ്ക്ക് അനുമതിയുള്ള അവിടെ പ്രവർത്തനം നടക്കുന്നുണ്ടോ;

(ഡി) പാട്ടക്കാലാവധി അവസാനിക്കുന്നത് എന്നാണ്; കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം അവസാനിപ്പിച്ച് ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ലൈഫ് സയൻസ് പാർക്കിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ</u>

6408 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മംഗലപുരം ഗ്രാമപഞ്ചായ ത്തിൽ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിനുവേണ്ടി എത്ര ഏക്കർ ഭൂമിയാണ് പൊന്നും വിലയ്ക്ക് ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; ഇതിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളത് ;

(ബി) ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് കളിമൺ ഖനന യൂണിറ്റുകൾ തടസ്സം നിൽക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ഖനികളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന്മേലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിന് വൈദ്യുതി</u>

6409 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ഏതെല്ലാം തീയതികളിൽ കെ.എസ്.ഇ. ബി. യുടെ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം തുക നൽകിയിട്ടുണ്ട് ;

(ബി) വ്യവസായ വികസന കേന്ദ്രത്തിൽ ഇപ്പോൾ സ്ഥാപിക്കപ്പെട്ട യന്ത്രങ്ങൾക്ക് എവിടെ നിന്നാണ് വൈദ്യുതി ലഭിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി</u>

6410 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. കുറ്റ്യാടി കേന്ദ്രമായി ആരംഭിക്കുന്ന നാളികേര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നാളികേര പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾ</u>

6411 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും വാഹനങ്ങൾ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഉപയോഗിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പരും ഏത് സ്ഥാപനത്തിന്റെ വാഹനമാണ് ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ടിമ്പർ സോൺ</u>

6412 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടിമ്പർ സോൺ വഴി പശ്ചാത്തല സൗകര്യ വികസനം, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ മുതലായവ നടപ്പാക്കുമോ;

(സി) ടിമ്പർ സോണിൽ വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ ഏകോപനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ;

(ഡി) തടി വ്യവസായ മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കി പ്രഖ്യാപിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് കെ. സി. സി. പി. എൽ</u>

6413 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ. സി. സി. പി. എൽ ന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ നിന്നും അസംസ്കൃത വസ്തുക്കൾ മറ്റു സ്ഥാപനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ടോ;

(സി) ഇവിടെ നിന്നും കയറ്റി അയയ്ക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ഇവിടെത്തന്നെ പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമോ;

(ഡി) അതിനാവശ്യമായ നപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം വ്യവസായ വളര്‍ച്ചാ കേന്ദ്രം</u>

6414 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം വ്യവസായ വളര്‍ച്ചാ കേന്ദ്രത്തില്‍ പുതിയ വ്യവസായങ്ങള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ ഏതൊക്കെ വ്യവസായങ്ങളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യവസായ വളര്‍ച്ചാ കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നത് ;

(സി) വ്യവസായ വളര്‍ച്ചാ കേന്ദ്രത്തില്‍ കൂടുതല്‍ തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്ന വ്യവസായങ്ങള്‍ തുടങ്ങാന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പയ്യന്നൂർ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ
കോ-ഓപ്പറേറ്റീവ് സൊസൈറ്റി

6415 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂരിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (54) ന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായത്തിനുവേണ്ടി സമർപ്പിച്ച ഏതെങ്കിലും പ്രോജക്ട് വ്യവസായ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ?

# കേരള നിയമസഭ

## 31.10.2011-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ വ്യവസായ യൂണിറ്റുകൾ

6416 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് വ്യവസായ വകുപ്പിന്റെ കീഴിൽ ഇൻഡസ്ട്രിയൽ പാർക്കുകളും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും പ്രവർത്തിക്കുന്നത് ;

(ബി) ജില്ലയിലെ മറ്റ് വ്യവസായ യൂണിറ്റുകൾ ഏതെല്ലാമാണ് ;

(സി) ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളോ കെട്ടിടങ്ങളോ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ചാത്തന്നൂർ മൃഗാശുപത്രിക്ക് കെട്ടിടം

6417 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂർ വഞ്ചിക്ലേമെൻസ് വക പുരയിടത്തിൽ നിന്നും ചാത്തന്നൂർ മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ഭൂമി ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ നാളിതുവരെയുള്ള എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ഭൂമി താമസംവിനാ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

6418 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 മുൽ 2006 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2006 മെയ് മാസം മുതൽ 2011 മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എത്ര പൊതു മേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുന്ന കാര്യത്തിൽ ഇക്കാലയളവിൽ പുരോഗതിയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ?

# കേരള നിയമസഭ

# 31.10.2011-ലെ മറുപടിക്ക്

<u>ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

6419 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് വേണ്ടി എന്തു നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മണിചെയിൻമാതൃകയിലുള്ള വിൽപ്പന</u>

T6420 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിചെയിൻ മാതൃകയിലുള്ള വിൽപ്പനകളെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(സി) നേരിട്ടുളള എല്ലാ വിൽപ്പനകൾക്കും നിയന്ത്രണം കൊണ്ടുവരുവാൻ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ; വിശദമാക്കുമോ;

(ഡി) ഈ മാർഗ്ഗനിർദ്ദേശങ്ങൾ എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇതു സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>മണിചെയിൻ തട്ടിപ്പ്</u>

T 6421 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിചെയിൻ മാതൃകയിലുള്ള വിൽപ്പനകളെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയരുന്ന സാഹചര്യത്തിൽ നേരിട്ടുള്ള എല്ലാ വിൽപനകൾക്കും നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

6422 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) പരിസ്ഥിതിക്ക് യാതൊരു കോട്ടവും സംഭവിക്കാതെ വളരെ എളുപ്പത്തിൽ ഖനന വിവരങ്ങൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) ധാതു പര്യവേഷണം പരിപാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുളളത് ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ക്വാറി പ്രവര്‍ത്തനം</u>

T6423 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി കൊടകര ഗ്രാമപഞ്ചായത്തിലെ പേരാമ്പ്രയില്‍, കെ.എം.സി. യുടെ ക്വാറി ഉഗ്രസ്ഫോടനത്തോടു കൂടി പ്രവര്‍ത്തിക്കുന്നതു മൂലം സമീപപ്രദേശങ്ങളിലെ കെട്ടിടങ്ങള്‍ക്ക് വിള്ളല്‍ വീഴുന്നതടക്കമുള്ള പ്രശ്നങ്ങള്‍ ഉണ്ടാകുന്നതായുള്ള തദ്ദേശവാസികളുടെ പരാതി സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിക്ക് പരിഹാരം കാണുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി

6424 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തിൽ സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) ഈ സ്ഥാപനം എവിടെയാണ് സ്ഥാപിക്കുന്നതെന്നും, ഇതിനായി ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) ഈ സ്ഥാപനം നിലവിൽ വരുമ്പോൾ, സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ഏതെല്ലാം തരത്തിലുള്ള പ്രയോജനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) പ്രതിവർഷം എത്ര കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പഠിക്കുവാനുള്ള അവസരം ഉണ്ടാകും ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കൈത്തറി വ്യവസായ വികസനം

6425 ശ്രീ. കെ. ദാസൻ
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനും ഉല്പന്നങ്ങൾക്ക് പ്രാദേശിക ബ്രാന്റ് വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) നെയ്ത്തുകാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിന് പരിശീലനത്തിനായി സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശമുണ്ടോ ;

(സി) കൈത്തറി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകൾ

6426 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നവീകരിക്കുവാൻ ഈ സർക്കർ എന്തൊക്കെ നടപടികൾക്ക് രൂപം കൊടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ എത്ര മില്ലുകൾ നഷ്ടത്തിലാണ്; എത്ര കോടിരൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈവിധ്യവൽക്കരണത്തിനുവേണ്ടി ശ്രമം നടത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം</u>

6427 ശ്രീ. ജി. സുധാകരൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കെ. സദാശിവൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം നടത്താനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) സ്പിന്നിംഗ് മില്ലുകളിലെ പ്ലാന്റ്, മെഷീനറി എന്നിവയുടെ നവീകരണം പൂർത്തിയായിട്ടുണ്ടോ ;

(സി) ഏതെല്ലാം മില്ലുകളുടെ നവീകരണത്തിന് എൻ.സി.ഡി.സി. സഹായം ഉറപ്പായിട്ടുണ്ട് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കയർ - കശുവണ്ടി മേഖലയിലെ ആനുകൂല്യങ്ങൾ

T6428 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ - കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുളള ആനുകൂല്യങ്ങൾ പരിഷ്കരിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) കയർ - കശുവണ്ടി ഫാക്ടറികളുടെ ഭൗതിക സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ പരിഷ്കരിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കയർ, കശുവണ്ടി, കൈത്തറി മേഖലയുടെ വികസനം</u>

T6429 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ, കശുവണ്ടി, കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ബി) മുൻസർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രസ്തുത മേഖലകൾക്ക് എന്ത് തുക വകയിരുത്തിയിരുന്നു?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

സഹകരണ സ്പിന്നിംഗ് മിൽ ജീവനക്കാരുടെ വേതന വ്യവസ്ഥ

6430 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ആകെ എത്ര ജീവനക്കാരാണുള്ളത്;

(ബി) ഈ മേഖലയിൽ ഏകീകൃത വേതന വ്യവസ്ഥയാണോ നിലവിലുള്ളത്; എന്തുകൊണ്ടാണ് ഏകീകൃത വേതന ഘടന നടപ്പാക്കാതിരിക്കുന്നത്;

(സി) എന്നാണ് ഇവരുടെ വേതന ഘടന അവസാനമായി പരിഷ്ക്കരിച്ചത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വേരിയബിള്‍ ഡി.എ. പരിഷ്ക്കരണം

T 6431 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ സ്പിന്നിംഗ് മില്ലിലേയും മറ്റു വ്യാവസായിക സ്ഥാപനങ്ങളിലേയും ജീവനക്കാര്‍ക്ക് നല്‍കിവരുന്ന വേരിയബിള്‍ ഡി.എ. 1993 അടിസ്ഥാന വര്‍ഷമുള്ള ജീവിത വില സൂചിക കണക്കാക്കിയാണ് ഇപ്പോഴും നല്‍കുന്നതെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡി.എ. പരിഷ്ക്കരിക്കാനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ;

(സി) കണ്‍സ്യൂമര്‍ പ്രൈസ് ഇന്‍ഡക്സ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാര്‍ട്ട്മെന്റ് ശാസ്ത്രീയമായ സര്‍വ്വേ നടത്തണമെന്ന വിവിധ യൂണിയനുകളുടെ ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആധാർ പദ്ധതി</u>

T 6432 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാറിന് അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് പ്രായത്തിൽപ്പെട്ടവരാണ് അപേക്ഷിക്കേണ്ടത് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആധാർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>

T 6433 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ആധാർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ആധാർ തിരിച്ചറിയൽ കാർഡ് വിതരണം

T 6434 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതു സംവിധാനം മുഖേനയാണ് ആധാർ നടപ്പിലാക്കുന്നതെന്നും അതുമായി ബന്ധപ്പെട്ട സംസ്ഥാന-ജില്ലാതല ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ആധാർ രജിസ്ട്രേഷനിലൂടെ തിരിച്ചറിയൽ കാർഡ് വാങ്ങിയിരിക്കണം എന്നതു നിയമം മൂലം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ഏതു നിയമം മൂലമാണ് അതു നിർബന്ധമാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത കാർഡ് വിതരണം ചെയ്യുന്നതിന് ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ടെക്നോ പാർക്കുകളിൽ ഇന്നൊവേഷൻ സെന്ററികളുടെ പ്രവർത്തനം

6435 ശ്രീ. എ.എ. അസീസ്
" കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടെക്നോസിറ്റികൾ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ടെക്നോപാർക്കുകൾ/ടെക്നോസിറ്റികൾ പ്രവർത്തനം ആരംഭിച്ചതിന് ശേഷം സംസ്ഥാനത്ത് വ്യാവസായിക രംഗത്തുണ്ടായിട്ടുള്ള വളർച്ച വ്യക്തമാക്കുമോ;

(സി) ടെക്നോപാർക്കുകളിൽ ഇന്നൊവേഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇന്നൊവേഷൻ സെന്ററുകൾ വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്;

(ഇ) ടെക്നോ പാർക്കുകളുടെ/ടെക്നോസിറ്റികളുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ഐ.ടി പാർക്ക്</u>

6436 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ടെക്നോപാർക്കിൽ പുതിയതായി ആരംഭിച്ച കമ്പനികൾ</u>

6437 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ പുതിയതായി ആരംഭിച്ച കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അവയുടെ പ്രവർത്തനമേഖല സംബന്ധിച്ചുള്ള വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ടെക്നോ ലോഡ്ജ്</u>

6438 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്നോ ലോഡ്ജുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിച്ചു വരുന്നുണ്ട് ;

(ബി) ടെക്നോലോഡ്ജുകളുടെ പ്രവർത്തന മേൽനോട്ടം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(സി) കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിൽ ഓടനാവട്ടത്ത് പശ്ചാത്തല സൗകര്യം പൂർണ്ണമായി സജ്ജമാക്കിയിട്ടുള്ള ടെക്നോ ലോഡ്ജ് പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി

6439 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോപാർക്കിന് സെസ് പദവി ലഭിക്കുന്നതിനാ
വശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ബി) കൂടുതൽ ഭൂമി ലഭ്യമാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ കാര്യക്ഷമമായും അടിയന്തിരമായും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

6440 ശ്രീ.അൻവർ സാദത്ത്
'' പാലോട് രവി
'' സി. പി. മുഹമ്മദ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്;

(ബി) വഖഫ് ബോർഡ് പുതിയ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോ;

(സി) എന്തെല്ലാം ആശ്വാസങ്ങളാണ് ഈ പദ്ധതിവഴി ലഭിക്കുന്നത്;

(ഡി) പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഹജ്ജിന് പോയവര്‍</u>

6441 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷം സംസ്ഥാനത്ത് ഹജ്ജ് കമ്മിറ്റി മുഖേന എത്ര പേരാണ് ഹജ്ജിന് പോയിട്ടുള്ളത്;

(ബി) ഇവരില്‍ കേന്ദ്ര ക്വാട്ടയില്‍ ഉള്‍പ്പെട്ട എത്ര പേര്‍ ഉണ്ട് ;

(സി) കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പര്‍മാരുടെ ക്വാട്ടയില്‍ എത്ര പേര്‍ വീതമാണ് ഹജ്ജിന് പോയിട്ടുള്ളത്;

(ഡി) പാസ്പോര്‍ട്ട് സമര്‍പ്പിച്ച എത്ര പേര്‍ ഇനി ഹജ്ജിന് പോകാനായി ബാക്കിയുണ്ട്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പാലൊളികമ്മിറ്റിയുടെ നിർദ്ദേശങ്ങൾ</u>

6442 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി കഴിഞ്ഞ സർക്കാർ രൂപീകരിച്ച പാലൊളികമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനായി ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പാലൊളി കമ്മിറ്റി നിർദ്ദേശങ്ങൾ നടപ്പാക്കാൻ 2011-12 വർഷത്തെ ബഡ്ജറ്റിൽ മുൻ സർക്കാർ തുക വകയിരുത്തിയിരുന്നോ;

(സി) ഈ സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന പദ്ധതി</u>

T6443 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ് ആവാസ് യോജന (RAY) പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്ത് തുകയാണ് നടപ്പുവർഷത്തേക്ക് കേന്ദ്ര സഹായമായി അഭ്യർത്ഥിച്ചിട്ടുള്ളത്;

(സി) ചേരിനിവാസികൾക്കും നഗരങ്ങളിലെ പാവപ്പെട്ടവർക്കും ഭവനപദ്ധതികൾ ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിയെ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കേന്ദ്ര സംസ്ഥാന പദ്ധതികൾ

6444 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് നഗരകാര്യവകുപ്പ് നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുളള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ പ്രകാരം പണി പൂർത്തിയാക്കിയതും പണി നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പണി ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരമുള്ള പുതിയ പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അവ ഏതെല്ലാമെന്നും അനുവദിച്ചിട്ടുളള തുക എത്രയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഫ്രണ്ട്സ് സേവന കേന്ദ്രങ്ങളിലൂടെ റെയിൽവെ ടിക്കറ്റ് ബുക്കിംഗ് സൗകര്യം</u>

6445 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ കീഴിലുള്ള ജനസേവന കേന്ദ്രങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ;

(സി) റെയിൽവെയുമായി സഹകരിച്ച് റെയിൽവെ ടിക്കറ്റ് ബുക്കിംഗ് സൗകര്യം നഗരസഭകളോട് ചേർന്ന മുഴുവൻ ഫ്രണ്ട്സ് സേവന കേന്ദ്രങ്ങളിലും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

''രാത്രികാല പാർപ്പിട പദ്ധതി''

6446 ശ്രീ. എ. കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരപ്രദേശങ്ങളിൽ ''രാത്രികാല പാർപ്പിട പദ്ധതി'' ഏർപ്പെടുത്തണമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഭവന രഹിതരായവർക്ക് രാത്രികാലങ്ങളിൽ കിടന്നുറങ്ങുന്നതിന് താമസസൗകര്യം ഏർപ്പെടുത്താൻ സംസ്ഥാന ബഡ്ജറ്റിലും നഗരഭകളുടെ ബഡ്ജറ്റുകളിലും തുക നീക്കി വെയ്ക്കാറുണ്ടോ ; ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും തുക ലാപ്സാകാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) തലസ്ഥാന നഗരസഭയിലും മറ്റു നഗരസഭകളിലും പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മുൻസിപ്പാലിറ്റികളുടെ ഗ്രേഡിംഗ്</u>

6447 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളെ ഗ്രേഡിംഗ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മുനിസിപ്പാലിറ്റികളെ എത്ര ഗ്രേഡ് ആയാണ് തിരിച്ചിരിക്കുന്നത്;

(സി) ഓരോ ഗ്രേഡിലുമുളള മുനിസിപ്പാലിറ്റികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മുനിസിപ്പാലിറ്റികളുടെ ഗ്രേഡിംഗിനുളള അടിസ്ഥാന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പുതിയ കെട്ടിട നിർമ്മാണ ചട്ടം</u>

6448

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ നിലനിൽക്കുന്ന കാലപ്പഴക്കം ചെന്ന മാസ്റ്റർപ്ലാനുകളിൽ മാറ്റം വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതിനുവേണ്ടി നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നഗരസഭകളിൽ കാലപ്പഴക്കം ചെന്ന മാസ്റ്റർപ്ലാനുകൾ നിലനിൽക്കുന്നതുകൊണ്ടും ടൗൺ പ്ലാനിംഗ് സ്കീമുകൾ ഉള്ളതുകൊണ്ടും പല സ്ഥലങ്ങളിലും പൊതുജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; പൊതുജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ;

(സി) സംസ്ഥാനത്ത് പുതിയ കെട്ടിടനിർമ്മാണ ചട്ടം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അതാത് നഗരസഭകൾക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ തീരുമാനമെടുക്കാനുള്ള അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ്</u>

6449 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കാര്യവട്ടം വിയാറ്റുകോണം തോടു നികത്തൽ സംബന്ധിച്ച കേസ്</u>

6450 ശ്രീ. റ്റി.യു കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.10.2011-ൽ തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണലാഫീസിൽ ഫയൽ നമ്പർ 9721/2011 പ്രകാരം നൽകിയ പരാതിയിൽ നഗരസഭ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എതിർകക്ഷിക്ക് നോട്ടീസ് നൽകിയോ; എങ്കിൽ എന്ന് നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ഈ പരാതി അന്വേഷിച്ച ഉദ്യോഗസ്ഥൻ ആരാണ്; ഇദ്ദേഹത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഈ ഫയൽ നമ്പരിലുള്ള പരാതി അന്വേഷിച്ച് നടപടി സ്വീകരിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പരാതിയിൽ പറയുന്ന കാര്യവട്ടം വിയാറ്റുകോണം കൈത്തോുോട് പഴയ സ്ഥിതിയിൽ പുനസ്ഥാപിക്കുവാൻ നഗരസഭ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവുകൾ</u>

6451 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് കാറ്റഗറി തിരിച്ച് വിവരം നൽകുമോ;

(സി) ബാക്കിയുള്ള ഒഴിവുകൾ ഏത് തീയതിക്ക് മുമ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഫ്ളാറ്റ് നിർമ്മാണ രംഗത്ത് സീലിംഗ് നിയമം

T6452 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫ്ളാറ്റ് നിർമ്മാണ രംഗത്ത് കമ്പനികളുടെ നിർമ്മാണ പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനായി വസ്തു സീലിംഗ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ നിയമം എന്തെന്നും അതിന്റെ ഉത്തരവു നമ്പരുകളും വിശദമാക്കുമോ;

(ബി) എന്ന് മുതലാണ് ഇത് പ്രാബല്യത്തിൽ വന്നത്;

(സി) ഫ്ളാറ്റ് നിർമ്മാതാവിന്റെ പേരിൽ എത്ര ഏക്കർ സ്ഥലം വരെ ആകാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിൽ ഏതെങ്കിലും ഫ്ളാറ്റ് നിർമ്മാതാക്കൾക്ക് വസ്തു സീലിംഗിന്റെ പരിധി കഴിഞ്ഞ് ഭൂമി ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആരൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ</u>

6453 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തിയായി എന്നറിയിക്കുമോ ;

(സി) മാസ്റ്റർ പ്ലാനുകൾക്കു രൂപം നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നഗരാസൂത്രണ വകുപ്പിലെ വിദഗ്ധരുടെയും ജീവനക്കാരുടെയും അഭാവം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ ; നിലവിലുള്ള സൗകര്യങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) പെരുമ്പാവൂർ മാസ്റ്റർപ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; എന്നു പൂർത്തിയാകുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ പട്ടണത്തിൽ സമഗ്രമായ ഡ്രെയിനേജ് മാപ്പിംഗ്</u>

6454 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിലെ വെള്ളക്കെട്ടിന്റെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെള്ളക്കെട്ടിന്റേയും മാലിന്യ നിർമ്മാർജ്ജനത്തിന്റേയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആലപ്പുഴ പട്ടണത്തിൽ സമഗ്രമായ ഡ്രെയിനേജ് മാപ്പിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിലുള്ള ഓട നിർമ്മാണങ്ങളിലെ അശാസ്ത്രീയത പരിഹരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

നഗരമാലിന്യ സംസ്കരണ പദ്ധതി

6455 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ഇ.എസ്. ബിജിമോൾ
,, വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതിയ വ്യവസായങ്ങൾ, വൻ ഫ്ളാറ്റുകൾ, മാർക്കറ്റുകൾ അടക്കമുള്ള ഷോപ്പിംഗ് കേന്ദ്രങ്ങൾ എന്നിവയിൽ നിന്നുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇവയുടെ നിർമ്മാണ അനുമതി നൽകുന്ന വേളയിൽ തന്നെ മാലിന്യ സംസ്ക്കരണത്തിനുള്ള പദ്ധതികൾ കൂടി സമർപ്പിച്ചശേഷം അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>നഗരവികസനത്തിന് സമഗ്ര പദ്ധതി</u>

6456 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, വി. പി സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വികസനത്തിന് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നഗര വികസനം സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനു വേണ്ടിയുള്ള സമഗ്ര നിയമനിർമ്മാണം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ടൗണ്‍പ്ലാനിംഗ് ഡിപ്പാര്‍ട്ട്മെന്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷന്‍</u>

6457 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൗണ്‍പ്ലാനിംഗ് ഡിപ്പാര്‍ട്ട്മെന്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷന്‍ പുന:സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ;

(ബി) മുമ്പ് ഉണ്ടായിരുന്ന പ്രൊമോഷനുകള്‍ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഡ്രാഫ്റ്റ്സ്മാന്‍, സര്‍വ്വെയര്‍ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നല്‍കുന്നത് സംബന്ധിച്ച തീരുമാനം എടുക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജന്‍,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബര്‍ 22.
'൦' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.